# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-26

## സെന്റ്. ആന്റണീസ് എൽ.പി.സ്കൂൾ ആനിക്കാട്

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : സെന്റ്.ആന്റണീസ് എൽ.പി. സ്കൂൾ ആനിക്കാട് |
| 2. | വിലാസം | : ആവോലി പി.ഒ, മൂവാറ്റുപുഴ |
| 3. | ഫോൺ | : 0485 2833496,8113015436 |
| 4. | സ്കൂൾ കോഡ് | : 28210 |
| 5. | വിദ്യാഭ്യാസ ഉപജില്ല | : കല്ലൂർക്കാട് |
| 6. | വിദ്യാഭ്യാസ ജില്ല | : മൂവാറ്റുപുഴ |
| 7. | റവന്യൂ ജില്ല | : എറണാകുളം |
| 8. | ബി.ആർ.സി. | : കല്ലൂർക്കാട് |
| 9. | സി.ആർ.സി. | : ആവോലി |
| 10. | ഗ്രാമപഞ്ചായത്ത് | : ആവോലി |
| 11. | ബ്ലോക്ക് പഞ്ചായത്ത് | : മൂവാറ്റുപുഴ |
| 12. | ജില്ലാ പഞ്ചായത്ത് | : എറണാകുളം |
| 13. | നിയമസഭാമണ്ഡലം | : മൂവാറ്റുപുഴ |
| 14. | ലോകസഭാമണ്ഡലം | : ഇടുക്കി |
| 15. | താലൂക്ക് | : മൂവാറ്റുപുഴ |
| 16. | വില്ലേജ് | : മൂവാറ്റുപുഴ |
| 17. | ഇ.മെയിൽ | : anicad28210@gmail.com |

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ
   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിങ്ങ്
11. ഉപസംഹാരം

## 1. 1. ആമുഖം

കോതയാർ, തൊടുപുഴയാർ, കാളിയാർ എന്നീ മൂന്ന് പുഴകളുടെ സംഗമ സ്ഥലമായ ത്രിവേണി സംഗമം ഉൾപ്പെടുന്ന മൂവാറ്റുപുഴ താലൂക്കിലെ ആവോലി പഞ്ചായത്തിലാണ് നാട്ടിൻപുറത്തിന്റെ തനിമയും ശാലീനതയും കുലീനത്വവും തുളുമ്പിനിൽക്കുന്ന ആനിക്കാട് ഗ്രാമം. ആഞ്ഞിലികൾ അധികമുള്ള നാടായതി നാൽ ആനിക്കാട് എന്ന പേര് വന്നു എന്ന് ഐതിഹ്യം. ആനകൾ ഉള്ള കാടായതി നാൽ ആനിക്കാട് എന്ന പേര് വന്നു എന്ന് മറ്റൊരു ഐതിഹ്യവുമുണ്ട്. ഈ ഗ്രാമ ത്തിന് തിലകക്കുറിയായി 100 വർഷക്കാലമായി വിളങ്ങിവിരാചിക്കുകയാണ് ഈ വിദ്യാലയം. പെരിങ്ങഴ ഇടവകദേവാലയത്തിന്റെ കീഴിൽ 1923–ൽ വി.അന്തോണീ സിന്റെ നാമധേയത്തിൽ സെന്റ്.ആന്റണീസ് എൽ.പി. സ്കൂൾ സ്ഥാപിതമായി. കേരള കാശി എന്നറിയപ്പെടുന്ന തിരുവംപ്ലാവിൽ മഹാദേവക്ഷേത്രം ഈ ഗ്രാമത്തി ലാണ്.

## 2. ലക്ഷ്യങ്ങൾ :–

1. ഓരോ ക്ലാസിലും നേടേണ്ട പഠനശേഷികൾ എല്ലാ കുട്ടികളും കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
   a) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.
   b) കുട്ടിയെ മികച്ച വായനക്കാരനാക്കുന്നു.
2. കുട്ടികളുടെ സർഗപരമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിക്കും.
   കുട്ടിയെ മികച്ച എഴുത്തുകാരനാക്കുന്നു.

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും അക്ഷരങ്ങൾ തിരിച്ചറിയുന്നു എന്ന് ഉറപ്പുവരുത്തു ന്നു. വായനാക്കാർഡ്, ബാലമാസികകൾ, പത്രമാസികകൾ എന്നിവയിൽ നിന്ന് അക്ഷര ങ്ങൾ തിരിച്ചറിഞ്ഞ് വാക്കുകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

റോഡ് നിയമങ്ങൾ അറിയുന്നതിനും അവ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനും സഹായകമായ ബോധവൽക്കരണ ക്ലാസുകളും പരിശീലന മാർഗങ്ങളും സംഘടിപ്പിക്കു ന്നു. കരകൗശല വസ്തുക്കളുടെ നിർമാണം, പച്ചക്കറിത്തോട്ട നിർമാണം എന്നിവയിൽ കുട്ടികളുടെ സജീവപങ്കാളിത്തം ഉറപ്പുവരുത്തും. സാഹിത്യമേഖലകളിൽ പ്രവർത്തിക്കുന്നവരുമായുള്ള അഭിമുഖം, ശില്പശാലകൾ എന്നിവ സംഘടിപ്പിച്ച് സർഗ്ഗാത്മക കഴിവുകൾ വളർത്തുവാൻ കുട്ടികളെ സഹായിക്കും.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പഠനസാമഗ്രികൾ, കായിക ഉപ കരണങ്ങൾ എന്നിവ നൽകാനുള്ള സംവിധാനം ഉണ്ടാക്കും.

## 3. വിദ്യാലയത്തിന്റെ ചരിത്രം:

ആനിക്കാടും സമീപപ്രദേശങ്ങളിലുമായി വസിക്കുന്ന കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം ലക്ഷ്യമിട്ട് 1923–ൽ സ്ഥാപിതമായതാണ്. ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവക പള്ളിയുടെ അധീനതയിലുള്ള സെന്റ്. ആന്റണീസ് എൽ.പി.സ ്കൂൾ. കോതമംഗലം രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം അനവധി നേട്ടങ്ങൾക്കും ബഹുമതികൾക്കും അർഹമായിട്ടുണ്ട്. മാനേജ്മെന്റിന്റെ നിരന്തരമായ പ്രോത്സാഹനം, അധ്യാപകരുടെ നിസ്വാർത്ഥസേവനം, രക്ഷാകർതൃസമിതിയുടെ സമ്പൂർണ്ണ പിന്തുണ, കുട്ടികളുടെ അത്യുത്സാഹം ഇവയാണ് വിജയങ്ങളുടെ നിദാനം.

ഈ സ്കൂളിൽ പ്രീ–പ്രൈമറി ക്ലാസുകളും, 1 മുതൽ 4 വരെ എല്ലാ ക്ലാസുകളിലും ഇംഗ്ലീഷ്, മലയാളം മീഡിയവും പ്രവർത്തിച്ചു വരുന്നു. രക്ഷിതാക്കൾക്ക് തങ്ങളുടെ മക്കളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അയക്കുക എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ ഈ സ്കൂൾ സാധ്യതയൊരുക്കുന്നു. കുട്ടികൾക്ക് കമ്പ്യൂട്ടർ സൗകര്യങ്ങളോടെ പഠിക്കുന്നതിന് ഒരു സ്മാർട്ട് ക്ലാസ് റൂം ഇവിടെ ഒരുക്കിയിട്ടുണ്ട്. കൂടാതെ വിപുലമായ ഭൗതിക സാഹചര്യങ്ങളും ലൈബ്രറി സൗകര്യങ്ങളും കുട്ടികൾക്കായി ഒരുക്കിയിരിക്കുന്നു ഡാൻസ്, സ്പോർട്സ്, ഗെയിംസ്, സംഗീതം, വർക്ക് എക്സ്പീരിയൻസ് എന്നിവയ്ക്കും അവസരമൊരുക്കുന്നു. കുട്ടികളുടെ വിവിധങ്ങളായ അഭിരുചികളെ കണ്ടെത്തി വികസിപ്പിക്കുന്നതിനായി വിവിധ ക്ലബ്ബുകളും സ്കൂളിൽ പ്രവർത്തിക്കുന്നു.

പ്രൈമറി ക്ലാസുകളിൽ 166 കുട്ടികളും പ്രീപ്രൈമറി ക്ലാസുകളിൽ 69 കുട്ടികളും ഉൾപ്പെടെ 235 കുട്ടികൾ പ്രവർത്തന വർഷത്തിൽ (2023–24) അധ്യയനം നടത്തുന്നു. പ്രധാന അധ്യാപകൻ ഉൾപ്പെടെ 10 അധ്യാപകരും പ്രീപ്രൈമറി ക്ലാസുകളിൽ 2 അധ്യാപികമാരും 1 ആയയും ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായി ഒരാളും സ്കൂളിൽ സേവനം ചെയ്യുന്നു.

## 4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്:

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപാടിനേയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പാഠ–പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

5. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## 5. പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ:

1. എസ്. ആർ.ജി.യോഗത്തിൽ സെന്റ് ആന്റണീസ് സ്കൂൾ വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
2. വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ SRG, SMC,PTA,MPTA രാഷ്ട്രീയ സംഘടനപ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## 6. നിലവിലെ അവസ്ഥാവിശകലനം:

**(എ) ഭൗതികം – നേട്ടങ്ങൾ**

വിദ്യാലയപുനർനിർമ്മീകരണത്തിന്റെ ഭാഗമായി കോതമംഗലം കോർപ്പറേറ്റ് എജ്യുക്കേഷണൽ എജൻസിയും ലോക്കൽ മാനേജരും ചേർന്ന് ക്ലാസ്സ് മുറിയും ഒരു ഓഫീസും ഉൾപ്പെടെ ഒരു മന്ദിരം പണി കഴിപ്പിച്ചിട്ടുണ്ട്. പ്രസ്തുത മന്ദിരത്തിലെ ഒരു ക്ലാസ്സ് മുറി ഹൈടെക് സംവിധാനം പൂർത്തീകരിച്ചതാണ്.

**(ബി) ഭൗതികം – പരിമിതികൾ**

ലൈബ്രറി, സ്റ്റാഫ്റും, ലാബ് (ഗണിതം, ശാസ്ത്രം) എന്നിവയ്ക്ക് മതിയായ സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങൾ ഇല്ല. ശൗച്യാലയം ആധുനികരീതിയിൽ ഉള്ളതല്ല. ഭോജനശാല ആവശ്യമാണ്. ഓപ്പൺ എയർസ്റ്റേജ് ആവശ്യമാണ്.

**(സി) അക്കാദമികം – നേട്ടങ്ങൾ**

രൂപതയിലെ ബെസ്റ്റ് സ്കൂൾ അവാർഡ് (2012–13) കരസ്ഥമാക്കിയിട്ടുണ്ട്. ’2015–16 വർഷത്തിൽ Best CWSN –സ്കൂൾ ഭിന്നശേഷിയുള്ള കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തിയ സ്കൂളിനുള്ള അവാർഡ് കരസ്ഥമാക്കി. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു. D.C.L, അക്ഷരമുറ്റം, തുടങ്ങിയ ക്വിസ് മത്സരങ്ങളിലും സബ്ജില്ലാതല മത്സരങ്ങളിലും പങ്കെടുക്കുകയുണ്ടായി. സബ്ജില്ല, ജില്ലാ ക്വിസ് മത്സരങ്ങളിൽ പങ്കെടുത്ത് വിജയം കരസ്ഥമാക്കി കോതമംഗലം: എജ്യൂക്കേഷൻ ഏജൻസിയുടെ വേദപാഠം/സൻമാർഗ്ഗം മത്സര പരീക്ഷയിൽ പങ്കെടുത്ത്

വിജയം നേടിക്കൊണ്ടിരിക്കുന്നു. 2020–21 എൽ.എസ്.എസ്. പരീക്ഷയിൽ 100% വിജയം നേടാൻ സാധിച്ചു.

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു കൈസഹായം എന്ന രീതിയിൽ ഒരു ലക്ഷത്തോളം രൂപ സമാഹരിച്ച് സ്കൂൾ ജീവനക്കാരിയുടെ ഭവനനിർമാണത്തിന് ഫണ്ട് സ്വരൂപിച്ച് നൽകി.

**ഡി) അക്കാദമികം – പരിമിതികൾ**

വിവിധ മേഖലകളിൽ കുട്ടികളുടെ മികവുകൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. ഗ്രന്ഥ ശാല നവീകരണം, ക്ലാസ്സ് ലൈബ്രറികളുടെ നവീകരണം എന്നിവ ക്രമീകരിക്കേണ്ടതുണ്ട്. കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണസമയ സേവനം ലഭ്യമാകുന്നില്ല.

**മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റ നോട്ടത്തിൽ**

| അക്കാദമികം | ഭൗതികം | ഗാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠനപരിപോഷണം<br>• ശാസ്ത്രപോഷണ പരിപാടി<br>• വായനാ പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• സാഹിത്യ പോഷണ പരിപാടി<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• കലാ കായികമേള<br>• അദ്ധ്യാപക ശാക്തീകരണ പരിപാടികൾ<br>• ക്ലാസ്സ് പി.ടി.എ.സജീവമാക്കൽ<br>• സ്കൂൾ പത്രം/മാസിക<br>• പ്രവൃത്തി പരിചയപഠനം<br>• ഒന്നാം ക്ലാസ്സ് ഒന്നാംതരം<br>• എസ്.ആർ.ജി.ശാക്തീകരണം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• പച്ചക്കറിത്തോട്ടം<br>• പോഷകാഹാര പരിപാടി<br>• ഗണിതലാബ്, ഗണിതാന്തരീക്ഷ മൊരുക്കൽ<br>• ഭാഷാലാബ്<br>• ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ<br>• ദിനാചരണം<br>• കായിക പഠനം<br>• ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ | • കളിസ്ഥലം<br>• വിശ്രമമുറി<br>• മൾട്ടിമീഡിയ റൂം<br>• ലൈബ്രറി<br>• ഡൈനിംഗ് ഹാൾ<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ജന്മദിനത്തിനൊരു പുസ്തകം<br>• ചിത്രരചന<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>• എന്റെ ചെടി എനിക്കും പറയാനുണ്ട്<br>• ഭാഷോത്സവം<br>• മെട്രിക് മേള<br>• ഔഷധത്തോട്ടം | • പി.ടി.എ. ശക്തിപ്പെടുത്തൽ<br>• എസ്.എം.എസി കാര്യ ക്ഷമമാക്കൽ<br>• വിദ്യാലയ വികസന സമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• എസ്.എസ്.ജി<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ.<br>• പഠനക്കൂട്ടം<br>• പ്രാദേശിക പി.ടി.എ<br>• ഭവന സന്ദർശനം |

**പ്രവർത്തനം 1**

**പേര്** : **ഇംഗ്ലീഷ് അസംബ്ലി**

**മേഖല** : **ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | -- |

**പ്രവർത്തനം 2**

**പേര്** : **ഇംഗ്ലീഷ് ഡയറി**

**മേഖല** : **ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | -- |

**പ്രവർത്തനം 3**

**പേര്** : **ഇംഗ്ലീഷ് തീയറ്റർ**

**മേഖല** : **ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ. Skit, conversation etc. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | **ണഡ–** |

**പ്രവർത്തനം 4**

**പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ**

**മേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | പ്രതിമാസ പരിപാടി | എച്ച്.എം/ ഇംഗ്ലീഷ് അധ്യാപിക | 2000/– (പരസ്യത്തിലൂടെ കണ്ടെത്താം) |

**പ്രവർത്തനം 5**

**പേര് : ഇംഗ്ലീഷ് ഫെസ്റ്റ്**

**മേഖല : ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ്. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | പി.ടി.എ. പ്രസിഡന്റ്, എച്ച്. എം. | 10000/ പ്രതിവർഷം (സി.എസ്.ആർ ഫണ്ട്) |

**പ്രവർത്തനം 6**

**പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English Pen Friends)**

**മേഖല : ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 10000/ (പി.ടി.എ. ഫണ്ട്) |

**പ്രവർത്തനം 7**

**പേര്** : **പദപ്രശ്ന നിർമ്മാണം**

**മേഖല** : **ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | ണ്ഡ– |

**പ്രവർത്തനം 8**

**പേര്** : **ഇംഗ്ലീഷ് കോർണർ**

**മേഖല** : **ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇം ഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ, കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | -- |

**പ്രവർത്തനം 9**

**പേര്** : **രചനാ ശില്പശാല**

**മേഖല** : **മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | ക്ലാസ്സ് മുറിയിലെ പഠനസാമഗ്രിയായി വിവിധ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ പതിപ്പ് നിർമ്മിച്ച് ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/ സ്പോൺസർഷിപ്പ് |

**പ്രവർത്തനം 10**

**പേര് : സർഗ്ഗ സല്ലാപം**

**മേഖല : ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം, പി.ടി.എ | 2000/ സ്പോൺസർഷിപ്പ് |

**പ്രവർത്തനം 11**

**പേര് : ദിനാചരണങ്ങൾ**

**മേഖല : സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി. യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | ണ്ഡ– |

**പ്രവർത്തനം 12**

**പേര് : ഗണിതലാബ് സജ്ജീകരിക്കൽ**

**മേഖല : അക്കാദമികം/ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി, ഗണിത ക്ലബ്ബ് | ണ്ഡ– |

**പ്രവർത്തനം 13**

**പേര് : ഗണിത പാർക്ക്**

**മേഖല : അക്കാദമികം/ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/– (പി.ടി.എ.) |

**പ്രവർത്തനം 14**

**പേര് : പ്രതിഭാപോഷണ പരിപാടി**

**മേഖല : അക്കാദമികം/ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ. ജി, എസ്. എസ്. ജി. | 5000/– (സ്പോൺസർഷിപ്പ്) |

**പ്രവർത്തനം 15**

**പേര് : ശാസ്ത്രയാത്രകൾ (ഫീൽഡ് ട്രിപ്പ്)**

**മേഖല : അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | ശലഭപാർക്ക്, പക്ഷി സങ്കേതം, ഡാം, ഫാക്ടറികൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ്, പി.ടി. എ. | 15000/– (സ്പോൺസർഷിപ്പ്) |

**പ്രവർത്തനം 16**

**പേര്** : **മേളകൾ**

**മേഖല** : **അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്ര മേളകളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്. ആർ. ഫണ്ട്) |

**പ്രവർത്തനം 17**

**പേര്** : **സാമൂഹ്യശാസ്ത്ര ലാബ്**

**മേഖല** : **അക്കാദമികം/സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- (പി.ടി.എ) |

**പ്രവർത്തനം 18**

**പേര്** : **പഠനയാത്രകൾ**

**മേഖല** : **അക്കാദമികം/സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നുവീതം | എസ്. ആർ. ജി. | 20000/- (സ്പോൺസർഷിപ്പ്) |

**പ്രവർത്തനം 19**

**പേര്** : **സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ**

**മേഖല** : **അക്കാദമികം/സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമിയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- (സ്പോൺസർഷിപ്പ്) |

**പ്രവർത്തനം 20**

**പേര്** : **ബുള്ളറ്റിൻ ബോർഡ്**

**മേഖല** : **അക്കാദമികം/സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവൃത്തിദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- (പി.ടി.എ.) |

**പ്രവർത്തനം 21**

**പേര്** : **കലാമണ്ഡലം**

**മേഖല** : **അക്കാദമികം/ കലാ-വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | നൃത്തം, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡലം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നു. | അവധി ദിവസങ്ങൾ | ആർട്ട്സ് ക്ലബ്ബ്/ കലാദ്ധ്യാപകൻ | 20000/-സി.എസ്. ആർ.ഫണ്ട്) |

**പ്രവർത്തനം 22**

**പേര്** : **ചിത്രരചനാക്കളരി**

**മേഖല** : **അക്കാദമികം/ കലാ–വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധി ക്കാലത്ത് അഞ്ചുദി വസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീ ലനം | മദ്ധ്യവേനൽ അവധിക്കാ ലം | എസ്.ആർ. ജി. | 10000/ (എസ്.ഡി.സി.) |

**പ്രവർത്തനം 23**

**പേര്** : **കായിക പരിശീലനം**

**മേഖല** : **അക്കാദമികം/ കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകു ന്നേരവും കായിക പരിശീലനം കുട്ടി കൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ 3 ദിവസം | പി.ടി.എ, കായികാദ്ധ്യാ പകൻ | 10000/ (സ്പോൺസർഷിപ്പ്) |

**പ്രവർത്തനം 24**

**പേര്** : **കായിക താരങ്ങൾക്ക് അവാർഡ്/സമ്മാനങ്ങൾ**

**മേഖല** : **അക്കാദമികം/ കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ്/സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപജി ല്ലാതലം വിജയി കൾക്ക് ക്യാഷ് അവാർഡും മൊമെ ന്റോയും നൽകലും | ഓരോ തല ത്തിലെയും മത്സര ങ്ങൾക്കു ശേഷം | എച്ച്. എം. കായികാദ്ധ്യാ പകൻ | 5000/ (സ്പോൺസർഷിപ്പ്) |

**പ്രവർത്തനം 25**

**പേര്** : **പച്ചക്കറിത്തോട്ടം**

**മേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി, എസ്.എസ്. ജി. | 5000/ (കൃഷിവകുപ്പ്) |

**പ്രവർത്തനം 26**

**പേര്** : **ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവ നടത്തുന്നു. | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | ണ്ഡ– |

**പ്രവർത്തനം 27**

**പേര്** : **പോഷകാഹാര പരിപാടി**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം. പി.ടി.എ. | 50000/– സി.എസ്.ആർ. ഫണ്ട് |

**പ്രവർത്തനം 28**

**പേര്** : **ഗവേഷണ പ്രോജക്ടുകൾ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാ ലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | പൂർവ്വ വിദ്യാർത്ഥികളുടെ ഡേറ്റാ ബുക്ക് തയ്യാറാക്കൽ, പഠന പിന്നോക്കാവസ്ഥയുള്ളവർക്കുള്ള പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ, സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്നുവീതം | എസ്.ആർ. ജി, പി.ടി.എ, എം.പി.ടി. എ, എസ്.എസ്.ജി. | ണ്ഡ– |

**പ്രവർത്തനം 29**

**പേര്** : **വരയും കുറിയും**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ഗത കാലത്തിന്റെ ചിത്രാവിഷ്കാരം | ഓരോ വിദ്യാലയത്തിനും അത് സ്ഥിതി ചെയ്യുന്ന പ്ര ദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്. ഈ ചരിത്രം രേഖാചിത്രീകരണങ്ങളിലൂടെയും ലഘു വിവരണങ്ങളിലൂടെയും രേഖപ്പെടുത്തി പുസ്തകമാക്കുന്നു. | ഒരു പ്രാവശ്യം | എസ്.എസ്. എ, എസ്.എസ്. ജി. | 10000/– (പി.ടി.എ.) |

**പ്രവർത്തനം 30**

**പേര്** : **ജന്മദിനത്തിനൊരു പുസ്തകം**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ | ണ്ഡ– |

**പ്രവർത്തനം 31**

**പേര്** : **ശാസ്ത്രമാജിക്**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. അവയുടെ പ്രവർത്തനക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | ണ്ഡ |

**പ്രവർത്തനം 32**

**പേര്** : **വർക്ക്ഷീറ്റ് നിർമ്മിക്കൽ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലെയും മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക്ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി | - |

**പ്രവർത്തനം 33**

**പേര്** : **ചരിത്ര കലണ്ടർ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടു പേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കു താഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്ര കലണ്ടർ രൂപപ്പെടും. | പ്രതിദിനം | എസ്.ആർ.ജി | ണ്ഡ |

**പ്രവർത്തനം 34**

**പേര്** : **സമഗ്ര പോർട്ടൽ ശില്പശാല**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്.ആർ.ജി യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ, സമയ ലഭ്യതയനുസരിച്ച് പോർട്ടലിൽ അപ്ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം | എസ്.ആർ. ജി. | ണ്ഡ– |

**പ്രവർത്തനം 35**

**പേര്** : **100 കവികൾ 100 കവിതകൾ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | 25 കുട്ടികൾക്ക് 25 കവികളുടെ പേരുകൾ നൽകുന്നു ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘു ജീവചരിത്രവും തയ്യാറാക്കണം. പുസ്തകരൂപത്തിൽ ഇത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി. പി.ടി.എ. | ണ്ഡ– |

**പ്രവർത്തനം 36**

**പേര്** : **മൺമറഞ്ഞ ആഹാരം**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി. പി.ടി.എ. | ണ്ഡ– |

**പ്രവർത്തനം 37**

**പേര്** : **ഫാസ്റ്റ് ഫുഡ്–ഫാസ്റ്റ് ടു ഡെത്ത്**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പു തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി. | ണ്ഡ– |

**പ്രവർത്തനം 38**

**പേര്** : **പുതിയ മന്ദിരം**

**മേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ | അഡ്മിനിസ്ട്രേറ്റീവ് കം അസംബ്ലി ഹാൾ എന്ന പുതിയ മന്ദിരം മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കണം | രണ്ടു വർഷം | പിടിഎ, എൽ.എസ്.ജി.ഡി | 65 ലക്ഷം (എംഎൽഎ ഫണ്ട്) |

**പ്രവർത്തനം 39**

**പേര്** : **ഡൈനിംഗ് ഹാൾ**

**മേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം+ആരോഗ്യം =പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | 2 വർഷം | പി.ടി.എ. എൽ.എസ് ജി.ഡി | 5 ലക്ഷം (എം.പി ഫണ്ട്) |

**പ്രവർത്തനം 40**

**പേര്** : **പ്രീ–പ്രൈമറി & ലാബ് സമുച്ചയം**

**മേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രീ–പ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ, ലാബുകൾ ശാസ്ത്രീയമാക്കൽ | ആകർഷകമായ വിധത്തിൽ മന്ദിരസമുച്ചയം നിർമ്മിക്കൽ, മുകളിൽ ആഡിറ്റോറിയം | 2 വർഷം | പി.ടി.എ. എൽ.എസ് ജി.ഡി | 80 ലക്ഷം (നബാർഡ്) |

**പ്രവർത്തനം 41**

**പേര്** : **മൈതാന നിർമ്മാണം**

**മേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവധ സൗകര്യങ്ങളൊരുക്കി യുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ. | 2 വർഷം | പി.ടി.എ. എൽ.എസ് ജി.ഡി | 80 ലക്ഷം (ജില്ലാ പഞ്ചാ യത്ത്) |

**പ്രവർത്തനം 42**

**പേര്** : **ജനറേറ്റർ സ്ഥാപിക്കൽ**

**മേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തന ങ്ങളുടെ സംഘാടനം | കമ്പ്യൂട്ടർ ലാബ്, ഓഫീ ഹൈ-ടെക് ക്ലാസ്സ് എന്നിവയുടെ പ്രവർത്തനം തടസ്സമി ല്ലാതെ നടക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ | 1 വർഷം | പി.ടി.എ | 20 ലക്ഷം (എം.പി.ഫണ്ട്) |

**പ്രവർത്തനം 43**

**പേര്** : **ഓഫീസ് ഡിജിറ്റലൈസേഷൻ**

**മേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ ആവശ്യ ത്തിനും പൊതുജന ങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, റ്റി.സി.രജിസ്റ്റർ തുടങ്ങി യവ ഡിജിറ്റൽ രൂപത്തി ലേക്ക് മാറ്റി സൂക്ഷി ക്കലും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും | 2 വർഷം | എച്ച്.എം, എസ്.ആർ.ജി കൺവീനർ | 5 ലക്ഷം (സി.എസ്. ആർ. ഫണ്ട്) |

**പ്രവർത്തനം 44**

**പേര് : ബയോഗ്യാസ് പ്ലാന്റ്**

**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജ മാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.ടി.എ ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം (എൽ.എസ്.ജി.ഡി.) |

**പ്രവർത്തനം 45**

**പേര് : പ്രാദേശിക പി.ടി.എ.യോഗങ്ങൾ**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി എസ്.ആർ.ജി | 10000/ (പി.ടി.എ) |

**പ്രവർത്തനം 46**

**പേര് : വായനാക്കൂട്ടം**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രറേറിയൻ | |

**പ്രവർത്തനം 47**

**പേര് : സ്കൂൾ കലണ്ടർ**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ. | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് പ്രദർശിപ്പിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ എസ്.ആർ.ജി | 10,000/ (പരസ്യം) |

**പ്രവർത്തനം 48**

**പേര് : മത്സര പരീക്ഷകൾക്ക് പരിശീലനം**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അറിവിന്റെ ജനകീയവൽക്കരണം | വിവിധ മത്സര പരീക്ഷ കൾക്ക് തയ്യാറാകുന്ന കുട്ടികൾക്ക് പരിശീലനം നൽകൽ. അദ്ധ്യാപകരും മുൻ അദ്ധ്യാപകരും ഉൾപ്പെടുന്ന സമിതിക്ക് പരിശീലനത്തിന്റെ നേതൃത്വം | ആഴ്ചയിൽ ഒരു ദിവസം | പി.ടി.എ എസ്.ആർ.ജി | 10000/ (സംഭാവന) |

**പ്രവർത്തനം 49**

**പേര് : ഹരിതഗ്രാമം**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഗ്രാമവീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽമരങ്ങൾ വച്ചുപിടിപ്പിക്കൽ. അവ യുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ, സമീപത്തെ ക്ലബ്ബുകൾ, വായനശാല കൾ തുടങ്ങിയവയെ പ തിയിൽ പങ്കെടുപ്പിക്കാം. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ സ്കൂൾ പാർലമെന്റ് | 10000/ (സംഭാവന) |

**പ്രവർത്തനം 50**

**പേര് : ദത്തെടുക്കൽ**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | സ്കൂളിലെ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് ഏറ്റവും ദാരദ്ര്യാവസ്ഥ അനുഭവിക്കുന്ന 2 കുട്ടിക ളുടെ കുടുംബത്തെ ദത്തെടുക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | സ്റ്റാഫ് കൗൺസിൽ | 50000 (സ്റ്റാഫ് ഫണ്ട്) |

## 9. പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- ‘‘സ്കൂൾ സമൂഹത്തിൽ’’ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശ നിരക്ക് വർദ്ധിപ്പിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## 10. മോണിട്ടറിംഗ് രീതി

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ, എം.പി.ടി.എ, എസ്.ആർ.ജി, ഒ.എസ്.എ. എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കുന്നു.
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം, എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

## 11. ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ പാതയിലേക്ക് ഉയർത്തുന്ന കർമ്മപരിപാടികളുടെ ഭാഗമായി ഈ വിദ്യാലയത്തിൽ ഏർപ്പെടുത്തിയ അക്കാദമിക രൂപരേഖ മുഴുവൻ വിദ്യാർത്ഥികളെയും അതത് ക്ലാസ്സുകളിൽ നേടേണ്ട പഠന ശേഷികൾ കൈവരിക്കുന്നതിന് ഒരു കൈത്താങ്ങാണ്.

പിന്നോക്കം നിൽക്കുന്നവരെയും കൂടി മുൻധാരയിൽ എത്തിച്ച് വിദ്യാലയത്തെ ഒരു സ്വർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള ഒരു സംരംഭമാണിത്.

നാട്യങ്ങളേതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സസൃഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.